# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 20.05.2025** | **പ്രധാന വാർത്തകൾ** | **TIME: 12.50 PM**

1. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ചർച്ചകൾക്ക് മുന്നോടിയായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്ന് പാർലമെന്റ് അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തും.

   **Foreign Secretary Vikram Misri will today brief members of all party delegations being sent abroad by India for diplomatic outreach on Operation Sindoor.**

2. വഖഫ് നിയമ ഭേദഗതിയുടെ ഭരണഘടനാ സാധുത ചോദ്യം ചെയ്യുള്ള ഹർജികൾ സുപ്രീം കോടതി ഇന്ന് പരിഗണിക്കും.

   **The Supreme Court will today hear petitions challenging the constitutional validity of the Waqf (Amendment) Act, 2025.**

3. ആഗോള സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ അന്താരാഷ്ട്ര സഹകരണം അനിവാര്യമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

   **Global cooperation is key to navigate international economic challenges, says Union Finance Minister Nirmala Sitharaman.**

4. വടകര, ചിറയിൻകീഴ് റെയിൽവെ സ്റ്റേഷനുകൾ ഉൾപ്പെടെ രാജ്യത്തെ 103 അമൃത് ഭാരത് സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റെന്നാൾ നിർവ്വഹിക്കും.

   **Prime Minister Narendra Modi will inaugurate 103 Amrit Bharat Stations, including Vadakara, Chirayinkeezhu in Kerala on Thursday from Deshnoke in Bikaner, Rajasthan.**

5. **ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, രാജസ്ഥാൻ റോയൽസിനെ നേരിടും.**

**Chennai Super Kings will lock horns with Rajasthan Royals in IPL Cricket today.**

***********************************

## MISRI-DELEGATION

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ചർച്ചകൾക്ക് മുന്നോടിയായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്ന് പാർലമെന്റ് അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തും. പാകിസ്ഥാൻ പിന്തുണയോടെയുള്ള ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ നിലപാട് ലോകത്തോട് വ്യക്തമാക്കുന്നതിനായി വിവിധ രാജ്യങ്ങളിലേക്ക് സർവകക്ഷി പ്രതിനിധി സംഘങ്ങളെ അയയ്ക്കുമെന്ന് കേന്ദ്ര സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നു. ഈ മാസം 23 മുതലാണ് 59 എംപിമാർ അംഗങ്ങളായ ഏഴ് പ്രതിനിധി സംഘങ്ങൾ 32 രാജ്യങ്ങളിൽ സന്ദർശനം ആരംഭിക്കുക. അടുത്ത മാസം ഒന്നു വരെ നീളുന്ന സന്ദർശനത്തിൽ അമേരിക്ക, സൗദി അറേബ്യ, ബഹ്റൈൻ, കുവൈറ്റ്, യുകെ, ഫ്രാൻസ്, ജർമനി , ഇറ്റലി തുടങ്ങിയ രാജ്യങ്ങൾ സംഘം സന്ദർശിക്കും.കോൺഗ്രസ് എംപി ശശി തരൂർ, ബിജെപി എംപിമാരായ രവിശങ്കർ പ്രസാദ്, ബൈജയന്ത് പാണ്ഡ, ജെ.ഡി.യു-വിന്റെ സഞ്ജയ് കുമാർ ഝാ, ഡി.എം.കെ അംഗം കനിമൊഴി കരുണാനിധി, എൻ.സി.പി എംപി സുപ്രിയ സുലെ, ശിവസേന എംപി ശ്രീകാന്ത് ഏക്നാഥ് ഷിൻഡെ എന്നിവർ പ്രതിനിധി സംഘങ്ങളെ നയിക്കും. ഭീകരതയോട് വിട്ടുവീഴ്ചയില്ലെന്ന ഇന്ത്യയുടെ സന്ദേശം അന്താരാഷ്ട്ര സമൂഹത്തിൽ എത്തിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

***********************************

## WAQF

വഖഫ് നിയമ ഭേദഗതിയുടെ ഭരണഘടനാ സാധുത ചോദ്യം ചെയ്യുള്ള ഹർജികൾ സുപ്രീം കോടതി ഇന്ന് പരിഗണിക്കും. ചീഫ് ജസ്റ്റിസ് ബി ആർ ഗവായി, ജസ്റ്റിസ് എ ജി മാസിഹ് എന്നിവരടങ്ങിയ

ബെഞ്ചാണ് ഹർജികൾ പരിഗണിക്കുന്നത്. വഖഫ് നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട മൂന്ന് സുപ്രധാന വിഷയങ്ങളിൽ ഇടക്കാല ഉത്തരവ് ആവശ്യമുണ്ടോ എന്ന് കോടതി പരിശോധിക്കും. പ്രഖ്യാപിത വഖഫ് സ്വത്തുവകകൾ ഡീനോട്ടിഫൈ ചെയ്യുന്നതിനുള്ള അധികാരം, വഖഫ് ബോർഡുകളിലെ മുസ്ലിം ഇതര പ്രാതിനിധ്യം തുടങ്ങിയ പ്രധാനപ്പെട്ട വിഷയങ്ങളാണ് കോടതി പരിഗണിക്കുക.

*********************************

## NIRMALA SITARAMAN..INTRO

സാമ്പത്തിക വ്യാവസായിക മേഖലകളിൽ ഉൾപ്പെടെ, ലോകത്ത് ഉയർന്നു വന്നിരിക്കുന്ന വെല്ലുവിളികളെ നേരിടാൻ ആഗോള സഹകരണം അനിവാര്യമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ 16-ാമത് വാർഷിക ദിനാഘോഷത്തിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

( വോയിസ്..... )

*********************************

## PM - AMRUT BHARAT

രാജ്യത്തെ 103 അമൃത് ഭാരത് റെയിൽവെ സ്റ്റേഷനുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റെന്നാൾ നിർവ്വഹിക്കും. കേരളത്തിലെ ചിറയിൻകീഴ്, വടകര സ്റ്റേഷനുകളും ഇതിൽ ഉൾപ്പെടുന്നു. രാജസ്ഥാനിലെ ബിക്കാനിറിലാണ് ചടങ്ങ് നടക്കുന്നത്. അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിലൂടെ രാജ്യത്തെ 1300-ഓളം റെയിൽ സ്റ്റേഷനുകളാണ് നവീകരിക്കുന്നത്. മേൽപ്പാലങ്ങൾ, അടിപ്പാതകൾ, വിശ്രമ മുറികൾ എന്നിവ ഉൾപ്പെടെയാണ് ഇതിൻറെ ഭാഗമായി നവീകരിക്കുക.

*********************************

## RETREAT CEREMONY

പഞ്ചാബിലെ മൂന്ന് ഇന്തോ-പാക് അതിർത്തി ചെക്ക് പോസ്റ്റുകളിൽ ഇന്ന് മുതൽ റിട്രീറ്റ് ചടങ്ങ് പുനരാരംഭിക്കുമെന്ന് അതിർത്തി സുരക്ഷാ സേന അറിയിച്ചു. നാളെ മുതലാണ് ചടങ്ങിൽ പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കുക. ഇന്ത്യ - പാകിസ്ഥാൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഈ മാസം എട്ടു മുതൽ അട്ടാരി, ഹുസൈനിവാല, സാദ്കി ചെക്ക്പോസ്റ്റുകളിൽ റിട്രീറ്റ് ചടങ്ങുകൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുക യായിരുന്നു.

*****************************************

## OCI - PORTAL

നവീകരിച്ച ഓവർസീസ് സിറ്റിസൺഷിപ്പ് ഓഫ് ഇന്ത്യാ പോർട്ടലിൻറെ പ്രകാശനം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ നിർവ്വഹിച്ചു. മികച്ച സുരക്ഷാ ക്രമീകരണങ്ങളോട് കൂടിയ ഉപഭോക്തൃ സൗഹൃദ പോർട്ടൽ 5 ദശലക്ഷം ഒസിഐ കാർഡുടമകൾക്ക് പ്രയോജനം ചെയ്യും. ഓവർസീസ് സിറ്റിസൺ രജിസ്ട്രേഷൻ ലളിതമാക്കുകയാണ് നവീകരിച്ച പോർട്ടലിലൂടെ ലക്ഷ്യമിടുന്നതെന്ന് ശ്രീ അമിത് ഷാ വ്യക്തമാക്കി.

*****************************************

## PIYUSH GOYAL

ഇന്ത്യ - യു എസ് ഉഭയകക്ഷി വ്യാപാര കരാറിന്റെ ആദ്യഘട്ട നടപടികൾ സംബന്ധിച്ച് അമേരിക്കൻ വാണിജ്യ മന്ത്രി ഹൊവാർഡ് വില്യം ലുട്നിക്കുമായി അനുകൂല ചർച്ചകൾ നടന്നതായി കേന്ദ്രമന്ത്രി പീയുഷ് ഗോയൽ. ഈ വർഷം ഒക്ടോബറോടെ വ്യാപാര കരാറിന്റെ ആദ്യ ഘട്ടം പൂർത്തിയാക്കുന്നതിന് മുന്നോടിയായി, ഇടക്കാല വ്യാപാര ക്രമീകരണത്തിന്റെ സാധ്യത പരിശോധിക്കുന്നതിന്റെ ഭാഗമായാണ് ചർച്ചകൾ. വാഷിങ്ടണിൽ നടക്കുന്ന ചർച്ചകളിൽ മുതിർന്ന ഉദ്യോഗസ്ഥരും കേന്ദ്രമന്ത്രിയ്ക്കൊപ്പം പങ്കെടുക്കുന്നുണ്ട്.

**********************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(BREAK)

**********************************

## LDF GOVT – ANNIVERSARY

മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിലുള്ള രണ്ടാം എൽഡിഎഫ് സർക്കാർ അഞ്ചാം വർഷത്തിലേക്ക്. 2021 മെയ് 20 നാണ് രണ്ടാം പിണറായി മന്ത്രിസഭ അധികാരമേറ്റത്. മന്ത്രിസഭയുടെ നാലാം വാർഷികത്തോട് അനുബന്ധിച്ച് നെടുമ്പാശ്ശേരി സിയാൽ ലോഞ്ചിൽ ചേർന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ കേക്ക് മുറിച്ച് മന്ത്രിമാർക്ക് നൽകി. അതേസമയം, മന്ത്രിസഭയുടെ നാലാം വാർഷികം യു ഡി എഫ് ഇന്ന് കരിദിനമായി ആചരിക്കുകയാണ്.

**********************************

## MALAPPURAM ... INTRO

മലപ്പുറത്ത് ദേശീയ പാത 66 നിർമ്മാണത്തിൽ ഉണ്ടായ അപാകത അന്വേഷിക്കാൻ വിദഗ്ധ സമിതിയെ നിയോഗിച്ച് നാഷണൽ ഹൈവേ അതോറിറ്റി. വിദഗ്ധ സമിതി നാളെ സ്ഥലം സന്ദർശിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.....**

**( വോയിസ്)**

**********************************

## MAHA CABINET

മഹാരാഷ്ട്രയിൽ ദേവേന്ദ്ര ഫഡ്നാവിസ് മന്ത്രിസഭയിലെ പുതിയ മന്ത്രിയായി മുതിർന്ന എൻ സി പി നേതാവ് ഛഗൻ ഭുജ്ബൽ ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. ഗവർണർ സി.പി. രാധാകൃഷ്ണൻ സത്യവാചകം ചൊല്ലിക്കൊടുത്തു. 2019-24 കാലയളവിൽ ശ്രീ ഭുജ്ബൽ വഹിച്ചിരുന്ന ഭക്ഷ്യ, സിവിൽ സപ്ലൈ വകുപ്പിന്റെ ചുമതല തന്നെ ഇത്തവണയും നൽകുമെന്നാണ് സൂചന.

**********************************

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന്. പരിപാടിയുടെ 122 ആം പതിപ്പാണിത്. ജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 23 വരെ അറിയിക്കാവുന്നതാണ്.

**********************************

## FUR REV:MANOHAR LAL-BRICS

നിലവിലെ ഏറ്റവും വലിയ ആഗോള വെല്ലുവിളികളിൽ ഒന്നാണ് ഊർജ്ജ സുരക്ഷയെന്ന് കേന്ദ്രമന്ത്രി മനോഹർ ലാൽ. ബ്രസീലിൽ ബ്രിക്സ് ഊർജ്ജ മന്ത്രിമാരുടെ യോഗത്തിൽ ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ച കേന്ദ്രമന്ത്രി, ഊർജ്ജ രംഗത്തെ ഇന്ത്യയുടെ നേട്ടങ്ങൾ വിശദീകരിച്ചു. പുനരുപയോഗ ഊർജ്ജോത്പാദനം വർദ്ധിപ്പിക്കുന്നതിലും, ഹരിത ഹൈഡ്രജൻ മേഖലയിലും കഴിഞ്ഞ പത്തുവർഷത്തിനിടയിലെ രാജ്യത്തിൻറെ പുരോഗതിയും അദ്ദേഹം ചൂണ്ടിക്കാട്ടി. സാമ്പത്തിക സ്ഥിരതയും, സുസ്ഥിര വികസനവും ഉറപ്പാക്കാൻ അംഗരാജ്യങ്ങൾക്കിടയിൽ കൂടുതൽ ആഴത്തിലുള്ള സഹകരണം ആവശ്യമാണെന്നും ശ്രീ മനോഹർ ലാൽ വ്യക്തമാക്കി .

**********************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, രാജസ്ഥാൻ റോയൽസിനെ നേരിടും. ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. ഇന്നലെ സൺറൈസേഴ്സ് ഹൈദരാബാദിനോട് ആറ് വിക്കറ്റിന് പരാജയപ്പെട്ട് ലഖ്നൗ സൂപ്പർ ജയന്റ്സ് പ്ലേഓഫിൽനിന്ന് പുറത്തായി.

***********************************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 429 പോയിന്റ് നഷ്ടത്തിൽ 81,629 -ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 136 പോയിന്റ് ഇടിഞ്ഞ് 24,809 -ലും വ്യാപാരം തുടരുന്നു. സ്വർണ്ണം പവന് 360 രൂപ കുറഞ്ഞ് 69,680 രൂപയും , ഗ്രാമിന് 8,710 രൂപയുമാണ് ഇന്നത്തെ വില.

***********************************

## RAIN – KERALA

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ മഴ ശക്തി പ്രാപിക്കുന്നു. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. പത്തനംതിട്ട മുതൽ മലപ്പുറം വരെ 8 ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ബംഗളുരു അടക്കം കർണാടകയുടെ വിവിധ മേഖലകളിലും ശക്തമായ മഴയാണ് അനുഭവപ്പെടുന്നത്.

***********************************

## INDIA WHO TRACHOMA

അന്ധതയ്ക്ക് കാരണമാകാവുന്ന നേത്രരോഗമായ ട്രക്കോമയെ തുടച്ചുനീക്കിയതിന് ലോകാരോഗ്യ സംഘടന ഇന്ത്യക്ക് സാക്ഷ്യപത്രം സമ്മാനിച്ചു. ജനീവയിൽ നടന്ന 78-ാമത് ലോകാരോഗ്യ അസംബ്ലിയിലാണ് സർട്ടിഫിക്കറ്റ് കൈമാറിയത്. ഇന്ത്യയുടെ സുസ്ഥിര ആരോഗ്യ ശ്രമങ്ങൾക്കുള്ള അംഗീകാരമാണിത്. കഴിഞ്ഞ ഒക്ടോബർ 8-നാണ്, ട്രക്കോമയെ ഇന്ത്യ തുടച്ചു നീക്കിയതായി WHO പ്രഖ്യാപിച്ചത്.

*********************************

## TRUMP-CEASEFIRE NEGOTIATIONS

റഷ്യയും യുക്രെനും നേരിട്ടുള്ള വെടിനിർത്തൽ ചർച്ചകൾ ആരംഭിക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുടിനുമായി രണ്ട് മണിക്കൂർ നീണ്ട ഫോൺസംഭാഷണം ക്രിയാത്മകമായിരുന്നുവെന്നും യുദ്ധം അവസാനിപ്പിക്കാനായി ഇരുപക്ഷവും ചർച്ചക്ക് തയ്യാറാണെന്നും ട്രംപ് സമൂഹമാധ്യമത്തിലൂടെ വ്യക്തമാക്കി. യുക്രെനുമായുള്ള സംഘർഷം അവസാനിപ്പിക്കുന്നതിൽ ട്രംപുമായുള്ള സംഭാഷണം പ്രതീക്ഷ പകർന്നതായി വ്ളാദിമിർ പുടിൻ പറഞ്ഞു.

*********************************

## INTERNATIONAL YOUTH EXCHANGE PROGRAMME

അന്താരാഷ്ട്ര യുവജന വിനിമയ പരിപാടിയിലേക്ക് കേന്ദ്ര യുവജന കായിക മന്ത്രാലയം അപേക്ഷ ക്ഷണിച്ചു. 15 മുതൽ 29 വയസ്സുവരെ പ്രായമുള്ളവർക്ക് പങ്കെടുക്കാം. കലാ രംഗത്ത് കഴിവു തെളിയിച്ചവർക്കും വിദ്യാർത്ഥികൾക്കുമാണ് മുൻഗണന. അപേക്ഷകർക്ക് സാധുവായ ഇന്ത്യൻ പാസ്പോർട്ടുണ്ടായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് മേരാ യുവ ഭാരത് ജില്ലാ യൂത്ത് ഓഫീസർമാരെ ബന്ധപ്പെടാം.

************************************************************************************************